**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 732** | **28-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ടല സർവീസ് സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ കോടികളുടെ തട്ടിപ്പ് നടന്നു എന്ന് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് റ്റി.197 ൽ വിവിധ വിഷയങ്ങളായി സഹകരണ നിയമം വകുപ്പ് 65 നടത്തിയ അന്വേഷണത്തിൽ സംഘത്തിൽ വിവിധ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അനധികൃത നിയമനങ്ങൾ, നിക്ഷേപത്തുക വകമാറ്റി ചെലവഴിക്കൽ, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ യോഗ്യത സംബന്ധിച്ച് തിരിമറി, മുൻകൂർ അനുമതിയില്ലാതെ അനധികൃത നിർമ്മാണം, വായ്പ അനുവദിക്കുന്നതിലെ ക്രമക്കേട്, നിയമാവലിയിൽ ഇല്ലാത്ത നിക്ഷേപം സ്വീകരിച്ച് അതിന് അമിത പലിശ നൽകി ബാങ്കിന് ഭീമമായ നഷ്ടം ഉണ്ടാക്കി എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ. എങ്കിൽ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അനധികൃത നിയമനങ്ങൾ, നിക്ഷേപത്തുക വകമാറ്റി ചെലവഴിക്കൽ, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ യോഗ്യത സംബന്ധിച്ച് തിരിമറി, മുൻകൂർ അനുമതിയില്ലാതെ അനധികൃത നിർമ്മാണം, വായ്പ അനുവദിക്കുന്നതിലെ ക്രമക്കേട്, നിയമാവലിയിൽ ഇല്ലാത്ത നിക്ഷേപം സ്വീകരിച്ച് അതിന് അമിത പലിശ നൽകി ബാങ്കിന് ഭീമമായ നഷ്ടം ഉണ്ടാക്കി എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>കാട്ടാക്കട അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി 22.01.2022 ലെ ഒ.1723/2021 നമ്പരായുള്ള റിപ്പോർട്ട് 04.02.2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ വിവിധ ക്രമക്കേടുകൾ പരാമർശിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സംഘത്തിന്റെ വിശദീകരണം തേടേണ്ടത് നിയമ പ്രകാരമുള്ള ബാധ്യത ആയതിനാൽ സംഘം സെക്രട്ടറിയോട് വിശദീകരണം തേടി 21.03.2022 തീയതി കത്ത് നൽകിയിരുന്നു. സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാ എന്ന് കണ്ട് സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.നിയമ |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ടി വിഷയത്തിൽ കാലതാമസം ഇല്ലാതെ തന്നെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അഴിമതിയിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഭരണസമിതിക്കെതിരായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. സഹകരണ നിയമം വകുപ്പ് 32(1) (എ) (സി) പ്രകാരം ഭരണസമിതിയെ പിരിച്ചുവിടാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോധ്യപ്പെടുത്തുവാൻ 28.06.2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ